# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5235

02.07.2013 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകളുടെ ആർ.ബി.ഐ. ലൈസൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) മൂലധന അപര്യാപ്തതയുടെ പേരിൽ സംസ്ഥാനത്തെ ഏതാനും ജില്ലാ സഹകരണ ബാങ്കുകളുടെ ആർ.ബി.ഐ. ലൈസൻസ് നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഈ സാഹചര്യം മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) മൂലധന പര്യാപ്തത വർദ്ധിപ്പിക്കുന്നതിനായി കുടിശ്ശിക കുറച്ച്, ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ബാങ്ക് തലത്തിലുള്ള ഊർജ്ജിത ശ്രമങ്ങളോടൊപ്പം അംഗസംഘങ്ങളിൽ നിന്നും പരമാവധി ഓഹരി സമാഹരിക്കുന്നതിനും സംസ്ഥാന സർക്കാരിൽ നിന്നും സർക്കാർ ഓഹരി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം വായ്പകൾ എടുക്കുന്നതിനുള്ള ഓഹരി അനുപാതം 1% ൽ നിന്നും 2% ആയി വർദ്ധിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത ബാങ്കുകൾക്ക് സർക്കാരിൽ നിന്ന് മൂലധനസഹായം ലഭ്യമാക്കുമോ; | (സി) സർക്കാരിന്റെ 27.06.2013 ലെ സ.ഉ (സാധാ) നം. 418/2013/സഹ നമ്പർ പ്രകാരം മൂലധന പര്യാപ്തത പാലിക്കാത്ത കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ സഹകരണ ബാങ്കുകൾക്കും സംസ്ഥാന സഹകരണ ബാങ്കിനുമായി 2012-13 |

സാമ്പത്തിക വർഷം 199.50 കോടി രൂപാ സർക്കാർ ഓഹരിയായി അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) നബാർഡ് നിയമപ്രകാരം സർക്കാരിൽ നിന്ന് സഹകരണ ബാങ്കുകൾക്ക് മൂലധനസഹായം ഉൾപ്പെടെ അനുവദിക്കുന്നതിന് നബാർഡ് സർക്കാരുകൾക്ക് നൽകിവരാറുള്ള 'സോഫ്റ്റ് ലോൺ' ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നബാർഡുമായി ബന്ധപ്പെട്ട് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ